## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4337 04-02-2014- ൽ മറുപടിക്ക്

### വിദ്യാർത്ഥി രാഷ്ട്രീയ അക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാർത്ഥി രാഷ്ട്രീയം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾക്കും വസ്തുവകകൾക്കും നാശം ഉണ്ടാക്കുന്നകാര്യം ഗൗരവമായി വീക്ഷിക്കുന്നുണ്ടോ; | എ) വിദ്യാർത്ഥി രാഷ്ട്രീയം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർത്ഥികളുടെ പഠനത്തിനും വിഘാതമാവുകയും പ്രത്യേകിച്ച് ദാരിദ്ര്യ കുടുംബങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുകയും അതുവഴി അവരുടെ ഭാവി ജീവിതം ശോഭനമാവുന്നതിന് തടസ്സമാവുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള വസ്തുവകകൾക്ക് നാശം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. |
| ബി) കലാലയങ്ങളെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ കുരുതിക്കളമാക്കുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) കലാലയങ്ങൾ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ കുരുതിക്കളമാക്കുന്ന അവസ്ഥ ഒഴിവാക്കാൻ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഇവയാണ്.<br>i) ക്ലാസുകൾ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള സമര രീതികൾ ഒഴിവാക്കാൻ രാഷ്ട്രീയ സംഘടനകൾ അവരുടെ വിദ്യാർത്ഥി വിഭാഗങ്ങളെ ആത്മാർത്ഥമായി ആഹ്വാനം ചെയ്യുക. |

(മറുപുറം)

| | |
|---|---|
| | ii) രാഷ്ട്രീയ സംഘടനകളുടെ സങ്കുചിത താൽപര്യങ്ങൾ സംരക്ഷിക്കുവാൻവിദ്യാർത്ഥി സംഘടനകളെ ദുരുപയോഗം ചെയ്യാതിരിക്കുക.<br>iii) വിദ്യാർത്ഥി സമരംമൂലം പൊതു മുതൽ നശിപ്പിക്കപ്പെട്ടാൽ അതിനുത്തര-വാദികളായ വിദ്യാർത്ഥി സംഘടനകളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുകയും, അവരുടെ ഭാവി ജീവിതത്തെ ബാധിക്കാത്ത തരത്തിൽ ശിക്ഷണ രീതികൾ നടപ്പിലാക്കി മറ്റു കുട്ടികൾ ഇത്തരം പ്രവർത്തികൾ ചെയ്യാതിരിക്കാനുള്ള പ്രേരണ ഉണ്ടാക്കിയെടുക്കുക.<br>iv) അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ ശക്തിപ്പെടുത്തുകയും വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ആവശ്യമുള്ളപ്പോൾ അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുക.<br>v) കലാലയങ്ങളിൽ നടത്തപ്പെടുന്ന അക്രമ സംഭവങ്ങൾക്കുത്തരവാദികളാകുന്നവ-ർക്കെതിരെ പുറത്താക്കുന്നതുൾപ്പടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ഇക്കാര്യത്തിൽ പൊതുപ്രവർത്തകർ, രക്ഷാകർത്താക്കൾ, അദ്ധ്യാപക പ്രതിനിധികൾ, സാംസ്കാരിക നായകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായരൂപീകരണം നടത്തി ക്യാമ്പസുകൾ അക്രമവിമുക്തമാക്കാൻ നടപടി സ്വീകരിക്കുമോ; | സി) പൊതു പ്രവർത്തകർ,രക്ഷാകർത്താക്കൾ, അദ്ധ്യാപക പ്രതിനിധികൾ, സാംസ്കാരിക നായകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായ രൂപീകരണം നടത്തി ക്യാമ്പസ്സുകൾ അക്രമ വിമുക്തമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

(മറുപുറം)

| | |
|---|---|
| ഡി) ഈ വിദ്യാഭ്യാസ വർഷത്തിൽ ഇതേവരെ എത്ര അധ്യയന ദിവസങ്ങൾ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഡി) വിദ്യാർത്ഥി രാഷ്ട്രീയം, അതുമായിബന്ധപ്പെട്ട അക്രമസംഭവങ്ങൾ എന്നീ കാരണങ്ങളാൽ അധ്യയന ദിവസങ്ങൾ നഷ്ടമാകുന്നത് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥിതി വിഭിന്നമായ സാഹചര്യത്തിൽ ഇത് സംബന്ധിച്ച കൃത്യമായ കണക്കെടുക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ